# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 898 — 12.06.2013 -ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

**ചോദ്യം** — **ഉത്തരം**

**ശ്രീ. റ്റി.വി.രാജേഷ്**

**ശ്രീ.ഷിബു ബേബി ജോൺ**
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2013 മാർച്ച് 31 വരെ സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; പുരുഷൻമാർ എത്ര; വനിതകൾ എത്ര; | (എ) | 37,13,600 പേർ<br>പുരുഷൻമാർ - 14,61,666<br>വനിതകൾ - 22,51,934 |
| (ബി) | ഈ സർക്കാർ അധികാരമേറ്റതിന ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്രപേർക്ക് ജോലി ലഭിച്ചു; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | (ബി) | 17,217 പേർക്ക് ജോലി ലഭിച്ചു.<br><br>ജില്ല — നിയമനം ലഭിച്ചവരുടെ എണ്ണം<br>1. തിരുവനന്തപുരം — 2197<br>2. കൊല്ലം — 1399<br>3. ആലപ്പുഴ — 1084<br>4. പത്തനംതിട്ട — 713<br>5. കോട്ടയം — 1231<br>6. ഇടുക്കി — 726<br>7. എറണാകുളം — 2099<br>8. തൃശ്ശൂർ — 1404<br>9. പാലക്കാട് — 1122<br>10. മലപ്പുറം — 1514<br>11. കോഴിക്കോട് — 1686<br>12. വയനാട് — 532<br>13. കണ്ണൂർ — 1019<br>14. കാസറഗോഡ് — 491<br>ആകെ — 17217 |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെയല്ലാതെ പല വകുപ്പുകളുടെയും കീഴിലുള്ള സ്ഥാപനങ്ങളിലേക്ക് ദിവസ | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>അനധികൃതമായി നിയമനം ലഭിച്ചവരെ പിരിച്ചുവിടാനും, ഒഴിവുകൾ അടിയന്തിരമായി |

| | | | |
|---|---|---|---|
| | വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് | | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കാനും ബന്ധപ്പെട്ട ഉദ്യോഗദായകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആധുനികവത്കരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (ഡി) | കേരള സർക്കാരിന്റെ തൊഴിൽ നയത്തിന്റെ ഭാഗമായി അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന ബൃഹദ് പദ്ധതിയ്ക്ക് രൂപം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ എംപ്ലോയബിലിറ്റി സെന്റർ എന്ന നൂതന പദ്ധതി 2012-13 വർഷത്തിൽ ആരംഭിക്കുകയും ചെയ്തു. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യുവജനങ്ങളെ വിവിധ അഭിരുചി പരീക്ഷകൾക്കും, സൈക്കോ മെട്രിക് പരീക്ഷകൾക്കും വിധേയരായി അവരുടെ കഴിവുകളും പോരായ്മകളും കണ്ടെത്തി. അതിനുശേഷം ഏത് മേഖലയിലാണ് അവർക്ക് അഭിരുചി എന്നതനുസരിച്ച് ആ മേഖലയിൽ വിദഗ്ധ പരിശീലനം നൽകുന്നു. ആശയവിനിമയ പാടവം, ഭാഷാ നൈപുണ്യം തുടങ്ങിയ സോഫ്റ്റ് സ്കിൽസിന്റെ അഭാവവും പരിശീലനം നൽകി നികത്തിക്കൊണ്ട്, യോഗ്യതയ്ക്കനുസരിച്ച് താൽപര്യമുള്ള മേഖലയിൽ അവരെ നിപുണരാക്കുന്നു. കേരളത്തിന്റെ അകത്തും പുറത്തുമുള്ള പൊതു, സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളുമായി വകുപ്പ് നേരിട്ട് ബന്ധപ്പെട്ടു കൊണ്ടും, ജോബ് ഫെയറുകൾ സംഘടിപ്പിച്ചു കൊണ്ടും പരിശീലനം ലഭിച്ച് ജോലിക്ക് പ്രാപ്തരായ യുവജനങ്ങൾക്ക് തൊഴിൽ നേടിക്കൊടുക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു.<br>കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും പൊതുജനങ്ങൾക്ക്, എപ്പോഴും എവിടേയും യഥാസമയം സുതാര്യമായ സേവനം ഓൺലൈനായി നൽകുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി മിഷനുമായി ചേർന്ന് ഒരു വെബ് എനേബിൾഡ് സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ